

കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്തിന്റെ തെങ്ങുകയറ്റ പരിശീലന കേന്ദ്രത്തിൽനിന്നു പത്തനംതിട്ടയിലെ തെങ്ങുകൃഷി പരിപോഷണത്തിനു പോകുന്ന തൊഴിലാളികൾ.

# Coconut BLOCK

## കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്തിൽനിന്ന് ഏതു ജില്ലയിലേക്കും ആവശ്യത്തിനു തെങ്ങുകയറ്റക്കാർ

തോളിലെ കുഴിയിൽ അരിവാൾ തൂക്കി മാനംമുട്ടെ നിൽക്കുന്ന തെങ്ങുകൾ അനായാസം കയറുന്നവരെ ഒരുവേളയെങ്കിലും വിസ്മയത്തോടെ നോക്കിനിൽക്കാത്തവർ ഉണ്ടാവില്ല. വൈദഗ്ധ്യവും കായബലവും ഒത്തിണങ്ങുന്ന ഈ തൊഴിൽ ധൈര്യശാലികൾക്കുള്ളതാണ്.

കേര കൃഷിയുടെ പ്രതാപകാലം കഴിഞ്ഞതോടെ ഇവരുടെ സേവനവും കിട്ടാതായി. തൊഴിൽ തേടുന്നവർ ഭയത്തോടെ നോക്കുന്ന മേഖലയായതിനാൽ പകരം സംവിധാനവും ഉണ്ടായില്ല. ഇതിനെല്ലാം പരിഹാരമായാണു കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് ചങ്ങാതിക്കൂട്ടം എന്ന പേരിൽ പുതിയൊരു തൊഴിൽ സംരംഭത്തിനു തുടക്കമിട്ടത്.

തെങ്ങുകയറ്റക്കാരുടെ ക്ഷാമം പരിഹരിക്കുന്നതിനൊപ്പം കേര കൃഷിയുടെ പരിപോഷണവും ചങ്ങാതിക്കൂട്ടം ലക്ഷ്യമിട്ടു.

ഇപ്പോൾ ഇതരജില്ലകളിലേക്കും ഇവരുടെ സേവനം വ്യാപിക്കുകയാണ്. പത്തനംതിട്ട ജില്ലയിലെ തെങ്ങുകൃഷി സംരക്ഷണത്തിന് 20 പേരെയാണ് ആദ്യഘട്ടത്തിൽ നിയോഗിച്ചിട്ടുള്ളത്. മറ്റു ജില്ലകളിലേക്കും ആവശ്യമെങ്കിൽ തൊഴിലാളികളെ അയയ്ക്കും.

തെങ്ങിനു 35 രുപ നിരക്കിലാണു തൊഴിലാളിക്ക് വേതനം. അൻപതു തെങ്ങിൽ കൂടുതൽ കയറുന്നവരുണ്ട്. തേങ്ങയിടാനും മരുന്നുതളിക്കാനും കൂമ്പു തെളിക്കാനുമെല്ലാം വൈദഗ്ധ്യം നേടിയവരാണിവർ. വേണ്ടത്ര തൊഴിലാളികളെ വാർത്തെടുക്കാൻ കഴിഞ്ഞാൽ കേരകൃഷിയുടെ പോയകാല പ്രൗഢി തിരിച്ചുപിടിക്കാൻ കഴിയുമെന്നാണു സംഘാടകരുടെ പ്രതീക്ഷ.

ശരീരത്തിൽ ഘടിപ്പിക്കുന്ന യന്ത്രം ഉപയോഗിച്ചാണു തെങ്ങുകയറ്റ പരിശീലനം. അപകടമുണ്ടായാലും താഴെ വീഴില്ല. ആകർഷകമായ വരുമാനവുമുണ്ട്.

പരിശീലനം പൂർത്തിയാക്കിയാൽ കൊത്തിക്കൊണ്ടുപോകാൻ ആളുമേറെ. തെങ്ങുകയറ്റവും ഗ്ലാമർ ജോലിയായി മാറുമ്പോൾ, യുവാക്കൾ ആ മേഖലയിലേക്കും തിരിയാതിരിക്കുന്നില്ല.

കെ.ജി. അനിരുദ്ധൻ